**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹെലിടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ഹെലികോപ്റ്റർ സർവീസുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി ഹെലിടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സഞ്ചാരികൾക്ക് ട്രിപ്പുകൾ തെരഞ്ഞെടുക്കുവാനും ബുക്ക് ചെയ്യുവാനും ഉതകുന്നതരത്തിൽ ഒരു മൈക്രോസൈറ്റ് ഒരുക്കിയിട്ടുണ്ട്. ഹെലി ടൂറിസം പദ്ധതിയിൽ ഭാഗഭാക്കാകുന്ന സ്വകാര്യ സേവനദാതാക്കളെ കണ്ടെത്തുന്നതിനുള്ള താത്പര്യപത്രം അംഗീകാരത്തിനുള്ള അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഹെലിടൂറിസം പദ്ധതിയുടെ ഏകോപന ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഹെലിടൂറിസം പദ്ധതിയുടെ ഏകോപന ചുമതല വിനോദസഞ്ചാര വകുപ്പിനായിരിക്കും. റവന്യൂ, ഗതാഗതം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, അഭ്യന്തരം/പോലീസ് തുടങ്ങി വിവിധ വകുപ്പുകളുടെ സഹായ സഹകരണങ്ങളോടു കൂടിയാണ് പദ്ധതി നടപ്പാക്കുക. വിനോദസഞ്ചാരവകുപ്പിന് കീഴിലെ പൊതുമേഖലാസ്ഥാപനമായ കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KTIL) ആണ് പദ്ധതിയുടെ നോഡൽ ഏജൻസി. |
| (സി) | ഹെലിപാഡും ഹെലിസ്റ്റേഷനുകളും നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (സി) | പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങൾക്കു സമീപം സ്ഥിതിചെയ്യുന്ന പ്രവർത്തനക്ഷമമായ ഹെലിപാഡുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വകാര്യ സേവനദാതാക്കളുടെ സർവ്വീസുകൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായുള്ള ഒരു ഫെസിലിറ്റേറ്ററുടെ ഭാഗമാണ് സർക്കാർ നിർവ്വഹിക്കുന്നത്. |
| (ഡി) | ഇതിനായി സർവ്വെയും സാധ്യതാപഠനവും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | (സി) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ